ഭൂമിപതിച്ചു്

*വ ൦ ൦. (൧ ൽ) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂമിനിസ്റ്റർ സദയം മറുപടി പറയുമോ:—

(എ) അധഃകൃതരുടെ പേരിൽ ഭൂമി പതിച്ചു പണക്കാർ കൈവശംവച്ചു നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്ന വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ശ്രദ്ധയിൽപ്പെട്ട ആ വിഷയത്തിൽ വല്ല അന്വേഷണവും നടത്തിയോ; നടത്തിയെങ്കിൽ ഫലമെന്താണു്?

ശ്രീ. എ. ജെ. ജാൻ: അങ്ങിനെ പരാതികൾ ഒരു സ്ഥലത്തുനിന്നു മാത്രം കിട്ടിട്ടുണ്ടു്. കുന്നത്തുനാടു താലൂക്കിൽ വേളൂർ എന്ന സ്ഥലത്തുനിന്നുമാണു് കിട്ടിട്ടുള്ളതു്.

(ബി) ഇതുസംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നുണ്ടു്. എല്ലാ വിവരങ്ങളും കിട്ടിയതിനുശേഷം വേണ്ട നടപടികൾ നടക്കുന്നതാണു്.

ശ്രീ. ഇ. പി. പൗലോസ്: പണമില്ലാത്തവർക്കു ഭൂമിപതിച്ചുകൊടുത്തതിനുശേഷം മറ്റു ചിലവുകൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നതു പണം അനുവദിച്ചുകൊടുക്കുമോ?

Mr. Speaker: That does not arise.

ശ്രീ. പി. കെ. ഡിവർ: ഈ പരാതി കിട്ടിയിട്ടു് എത്ര നാളായി എന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: കുറെ ദിവസങ്ങളായി.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കുന്നത്തുനാടു താലൂക്കിൽ നിന്നും കിട്ടിയ പരാതിയെപ്പറ്റി വല്ല അന്വേഷണവും നടത്തുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: നടത്തുന്നുണ്ടെന്നു ഞാൻ ആദ്യമേ പറഞ്ഞു.

ശമ്പളക്കുടിശ്ശിക

*വ ൦൯. (൩ ൦) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

പല താലൂക്കുകളിലും റവന്യൂവകുപ്പിന്റെ കീഴിലുള്ള കടുത്ത വള്ളക്കാർ, തുപ്പുകാർ, തുടങ്ങിയുള്ള അല്പശമ്പളക്കാരുടെ ശമ്പളവും അലവൻസും അനേകമാസങ്ങളായി കുടിശ്ശികയാകുന്നതിനുള്ള കാരണം എന്താണു്?

ശ്രീ. എ. ജെ. ജാൺ: കടുത്തുവള്ളക്കാർക്കും തുപ്പുകാർക്കും ശമ്പളം കൊടുക്കുന്നതിനുള്ള ഓർഡ്ഡറു് അനുസരിച്ചു അനുവദിച്ചിട്ടുള്ളതു തീർന്നുപോയതുകൊണ്ടാണു് കൊടുക്കാതിരുന്നിട്ടുള്ളതു്. കഴിഞ്ഞ രണ്ടോ മൂന്നോ കൊല്ലമായി കടുത്ത വള്ളക്കാർക്കു തുപ്പുകാർക്കുമെല്ലാം മറ്റു ഡിപ്പാർട്ട്മെൻറിലെ സ്ഥിര ശമ്പളക്കാരെപ്പോലെ ക്ഷാമബത്തയും മറ്റും വർദ്ധിപ്പിച്ചിരുന്നു. എന്നാൽ അതനുസരിച്ചുള്ള സംഖ്യ ബഡ്ഡറ്റിൽ വർദ്ധിപ്പിച്ചിട്ടുമില്ല. അതുകൊണ്ടു് അവർക്കു കുറച്ചുമാസങ്ങളായി അവരുടെ ശമ്പളവും അലവൻസും കൊടുക്കാൻ സാദ്ധ്യമായിട്ടില്ല. എന്നാൽ ഇപ്പോൾ ഇതുവരെയുള്ള കുടിശ്ശികയും തീർക്കുവാൻ എർപ്പാടു് ചെയ്തിട്ടുണ്ടു്. ഓരോ കൊല്ലത്തിലും ഇപ്രകാരം മുൻകൊല്ലങ്ങളിലെ ശമ്പളം കുടിശ്ശിക വരുന്നതു അടുത്ത കൊല്ലത്തെ തുകയിൽനിന്നും കൊടുത്തു തീർത്തുവരികയായിരുന്നു. ഇപ്പോൾ സകല കുടിശ്ശികയും തീർക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്.

ശ്രീ. കെ. എ. മാത്യു: ൧൯൪൯ മുതൽ ൧൯൫൨ വരെ അവരുടെ ഡിയർനസു അലവൻസു് കിട്ടാനുള്ളതു് ഇതുവരെ കൊടുത്തിട്ടില്ലെന്നു ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അന്നത്തെ രൂൾ അനുസരിച്ചു് കൊടുക്കാനുണ്ടെങ്കിൽ അതു് കൊടുക്കുന്നതാണു്.

ശ്രീ. പി. ടി. ചാക്കോ: ഈ ഡിപ്പാർട്ട്മെൻറിലെ ശമ്പളക്കാർക്കു ശമ്പളം കൊടുക്കാതെ കുടിശ്ശിക വന്നപ്പോൾ അതുകൊടുത്തു തീർക്കുന്നതിലേക്കു മറ്റു ഡിപ്പാർട്ട്മെൻറിൽനിന്നും ഉക ഡൈവർട്ട് ചെയ്യാൻ നിവർത്തിയില്ലേ?

ശ്രീ. എ. ജെ. ജാൺ: അങ്ങിനെ അപേക്ഷ ഒന്നും വന്നിട്ടില്ല.

ശ്രീ. പി. ടി. ചാക്കോ: അങ്ങിനെ അപേക്ഷ വരുത്തിക്കൊണ്ടു അതു ഡൈവർട്ട് ചെയ്യാമായിരുന്നുവല്ലേ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: അങ്ങിനെ ഒന്നും ഉണ്ടായിട്ടില്ല. ഇപ്പോൾ സകല കടിശീഖകളും കൊടുത്തു തിക്കാൻ എർപ്പാടു ചെയ്തിട്ടുണ്ടു്.

ശ്രീ. പി. ടി. ചാക്കോ: ഈ യുക ബഡ്ഡറ്റിൽ കൊള്ളിക്കാതെയിരുന്നതു കൊണ്ടാണെങ്കിൽ ബഡ്ഡറ്റിൽ കൊള്ളിക്കാതിരുന്നിട്ടുള്ളതു് ആരുടെ കുറ്റം കൊണ്ടാണെന്നു് ഗവ ൺമെണ്ടു അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതായതു് ഡിപ്പാർട്ട്മെൻറകും ഡിപ്പാർട്ട്മെൻറിലേക്കാവശ്യമുള്ള യുക ബഡ്ഡറ്റിൽ ചേർത്തയക്കുന്നതാണു് പതിവു്. ഇതേപ്പറ്റി കൂടുതൽ ശ്രദ്ധ ചെലുത്താത്തതു് കൊണ്ടായിരിക്കും, ഇപ്രകാരം വന്നിട്ടുള്ളതു് എന്നമാത്രമേ വിചാരിക്കാൻ നിവർത്തിയുള്ളൂ.

ശ്രീ. പി. ടി. ചാക്കോ: അങ്ങിനെ അവരുടെ ശമ്പളം കൊള്ളിക്കാതിരുന്നതിനു് അതിലേക്കു മുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ പേരിൽ വേണ്ട നടപടി നടത്തുമോ?

ശ്രീ. എ. ജെ ജാൺ: ഇപ്പോൾ ശമ്പളമെല്ലാം കൊടുത്തിട്ടുണ്ടു്.

ശ്രീ. എ. കെ. ജാഫ്ഫു്: പബ്ലിക്കു് വർക്സു് ഡിപ്പാർട്ട്മെൻറിലെ "സ്ട്രാണ്ഡവിലാസു്" കെട്ടിടത്തിലെ ശിപായിക്കു ഇതുവരെ ശമ്പളം കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: ആ കെട്ടിടം എടുത്തിട്ടതന്നെ രണ്ടു മാസമേ ആയിട്ടുള്ളൂ.

ശ്രീ. എ. കെ. ജാഫ്ഫു്: പബ്ലിക്കു് വർക്കു്സു് ഡിപ്പാർട്ട്മെൻറിലെ താഴ്ന്ന ശമ്പളക്കാർക്കു് ആർക്കും ഇതുവരെ ശമ്പളം കിട്ടിയിട്ടില്ല എന്നുള്ളതറിയാമോ?

ശ്രീ. എ. ജെ. ജാൺ: അതു ശരിയല്ല.

ശ്രീ. സി. വി. ഐയ്യു: ഈ നാൺപെൻഷണബിൾ എംബ്ലായിസായിട്ടുള്ള മീനിയൽസിനു ശമ്പളം ശരിക്കു കൊടുക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അവർക്കു് ശമ്പളം ശരിക്കുകൊടുക്കുന്നുണ്ടെന്നാണു് അറിവു്. അതേപ്പറ്റി ശരിയായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. മാതൃ: ഈ കടുത്തുവള്ളിക്കാരെ കൂടി പി. ഡബ്ലിയു. ഡിപ്പാർട്ട്മെൻറിന്റെ കീഴിൽ ആക്കുന്നതിനു വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതേപ്പറ്റി ആലോചിക്കുന്നതാണു്.

DEAF ANE DUMB CAILDREN

***802.** [31] **Sri. K. A. Mathew:** Will the Hon'ble Minister for Education be pleased to state —

(*a*) how many institutions private and Government for teaching Deaf and Dumb children are in existence in Travancore-Cochin;

(*b*) whether the Government give any aid to privately run schools for deaf and dumb; if so what are those institutions and the grants given;

(*c*) have the Government any idea as to the number of deaf-and dumb children in the State; and

(*d*) do the Government intend to start a deaf and dumb school in the State?

Sri. Panampilli Govinda Menon:

(*a*) Two private institutions in the Travancore area and one Departmental institution in Cochin area.

(*b*) Yes. Rs. 75 per mensem to the Dioceasan Deaf and Dumb School, Thiruvella and Rs. 125 to the Deaf and Dumb School, Thycaud, Trivandrum.

(*c*) No.

(*d*) The matter is under consideration.

ശ്രീ. പി. കെ. ഡിവർ: ഈ സ്കൂളുകളിൽ എത്രവീതം കുട്ടികൾ ഉണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസുവേണം.

ശ്രീ. കെ. എ. മാതൃ: തിരുവിതാംകൂറിൽ ആകെ എത്ര deaf and dumb children ഉണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് അടുത്തവരുന്ന സെൻസസിൽ വരുമെന്നാണു് എനിക്കു തോന്നുന്നതു്. ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly